**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4636** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ആറുകളിലെയും തോടുകളിലെയും പായൽ നീക്കം ചെയ്യാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ആറുകളിലെയും തോടുകളിലെയും പായൽ നീക്കം ചെയ്യുന്നതിനായുള്ള കർമ്മ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ജലവിഭവ വകുപ്പ് മുഖേന പ്ലാൻ പദ്ധതികൾക്കായി അനുവദിക്കുന്ന തുക ഉപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം, ബണ്ട് നിർമ്മാണം, ബണ്ടിന്റെ ഉയരം കൂട്ടൽ, മോട്ടോർ ഷെഡ്, മോട്ടോർത്തറ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്. പോള, പായൽ എന്നിവ നീക്കം ചെയ്യുകയും ചെളി കോരി ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സുഗമമാക്കുന്നത് ഉൾപ്പെടെയുള്ള ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നോൺപ്ലാൻ ഇനത്തിൽ തുക അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത തുക അനുവദിച്ചാലുടൻ കുട്ടനാട്ടിലെ തോടുകളിലെ പോള, പായൽ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.<br><br>ഫണ്ട് ലഭ്യത അനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിച്ചും നദികളിലേയും തോടുകളിലേയും അടിഞ്ഞുകൂടിയ എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തും ഒഴുക്ക് സുഗമമാക്കുന്നു. പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധമായി ചേർക്കുന്നു.** കുട്ടനാട്ടിലെ ആറുകളിലെയും തോടുകളിലെയും പായൽ നീക്കം ചെയ്യുന്നതിനായുള്ള കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞു കൂടിയ പോളകളും മറ്റു മാലിന്യങ്ങളും ഡിപ്പാർട്ട്മെന്റൽ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് 143 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്.<br><br>കുട്ടനാട് ചീഫ് എഞ്ചിനീയറുടെ ഫണ്ട് ഉപയോഗിച്ച് മെക്കാനിക്കൽ വിഭാഗത്തിന്റെ കൈവശമുള്ള പോളവാരൽ (Weed Harvester) യന്ത്രം ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | AC കനാലിൽ കിടങ്ങറ മുതൽ രാമങ്കരി വരെയുള്ള ഭാഗങ്ങളിലെ പോളയും ചെളിയും നീക്കം ചെയ്യുന്നതിന് 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള ഫണ്ട് ബന്ധപ്പെട്ട സിവിൽ വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.<br><br>ശ്രീമൂലമംഗലം കായലിലെ കിഴക്ക് ഭാഗം വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് പോള നീക്കം ചെയ്യുന്നതിനുള്ള 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കൃഷി വകുപ്പിന്റെ ആവശ്യപ്രകാരം തയ്യാറാക്കി ഭരണാനുമതിയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമായാലുടൻ തന്നെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>പമ്പാ നദിയിൽ ചങ്ങങ്കരി സസ്പെൻഷൻ ബ്രിഡ്ജ് മുതൽ എടത്വ ബോട്ട്ജെട്ടി വരെയുള്ള കനാലിലെ പോള, ഡിപ്പാർട്ട്മെന്റൽ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് നീക്കം ചെയ്യുന്നത് സംബന്ധിച്ച പ്രായോഗികതാ റിപ്പോർട്ട് തയ്യാറാക്കുകയും ആയത് തുടർ നടപടികൾക്കായി ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുള്ളതുമാകുന്നു. കൂടാതെ ഡിപ്പാർട്ട്മെന്റൽ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് പോളകൾ നീക്കം ചെയ്യേണ്ടതായ പ്രവർത്തികൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിലേക്ക് മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും കത്ത് നൽകിയിട്ടുള്ളതാണ്.<br><br>എ സി കനാലിലെ കിടങ്ങറ മുതൽ പൂവം പാലം വരെയുള്ള പോള ഡിപ്പാർട്ട്മെന്റൽ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനുള്ള 18,50,000/- രൂപയുടെ (പതിനെട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| (ബി) | നീരൊഴുക്ക് നിലച്ച് വെള്ളം മലിനമാകുന്നത് മൂലം രോഗം പടരുന്നതും കുടിവെള്ളം ഇല്ലാതാകുന്നതും തടയാൻ ജലവിഭവവകുപ്പ് പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | എക്കലും ചെളിയും അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. മഴയെ തുടർന്ന് വെള്ളപ്പൊക്കം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ വിവിധ ഭാഗങ്ങളിലെ പുഴകളിലെയും തോടുകളിലെയും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനും പുഴയുടെ സംരക്ഷണത്തിനുമായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 1)വീയപുരം ഭാഗത്ത് അച്ചൻകോവിൽ , പമ്പ എന്നീ നദികളുടെ ആഴം കൂട്ടലിനും തീരം ബലപ്പെടുത്തുന്നതിനുമായി 4 പ്രവൃത്തികൾക്ക് RKI ൽ ഉൾപ്പെടുത്തി 36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും 3 പ്രവർത്തികൾക്ക് സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണ്.<br><br>2)ആലപ്പുഴ ജില്ലയിലെ നദികളായ പമ്പ, അച്ചൻകോവിൽ,മണിമല എന്നിവയുടെ ആവാഹന ശേഷി കൂട്ടുന്നതിനും നദിതീര സംരക്ഷണത്തിനും പ്രളയത്തിൽ അടിഞ്ഞു കൂടിയ എക്കലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുമായിട്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No | Name of work | Amount | Remarks |
|---|---|---|---|
| 1 | GENERAL-Removing floating materials-Emergency removal of floating materials and debris to clear the blockages at Pulinkunnu hospital bridge in Manimala river Alappuzha - Changanassery boat route in Pulinkunnu Panchayath in Kuttanadu LAC-General Civil Work | 2,32,000 | Ongoing |
| 2 | GENERAL-Pre monsoon work-Emergency removal of accumulated debris, water, weeds and plastic materials at Mangotta in Pamba river near MP Palam connecting Cheruthana and Edathua Panchayath - General Civil Work-General Civil Work | 2,60,000 | Ongoing |
| 3 | GENERAL-Pre monsoon work- 2024- Emergency removal of accumulated debris, water, weeds at U/S of Payippad bridge in Achenkovil river of Veeyapuram Pt in Kuttanad LAC. | 3,00,000 | Ongoing |
| 4 | GENERAL-Pre monsoon work- 2024- Emergency deepening - Desilting & removal of accumulated debris, water, weeds, jungle branches of trees and wastes underneath Palakalathil bridge across Pamba river – EdathuvaPt in Kuttanad LAC. | 2,00,000 | Ongoing |

സെക്ഷൻ ഓഫീസർ